# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

## നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.2348

## 05/11/2019- ലെ മറുപടിക്ക്

### മണലൂർ മണ്ഡലത്തിലെ ആസ്തി വികസന പദ്ധതി

<table>
<tr><td>ചോദ്യം<br><br>**ശ്രീ. മുരളി പെരുനെല്ലി**</td><td>മറുപടി<br><br>**ശ്രീ. കെ.എൻ. ബാലഗോപാൽ**<br>**(ധനകാര്യവകുപ്പ് മന്ത്രി)**</td></tr>
<tr><td>എ) മണലൂർ നിയോജകമണ്ഡലത്തിൽ 2016-17 വർഷത്തെ ആസ്തി വികസന പദ്ധതിയിലേക്ക് ശിപാർശ ചെയ്ത എല്ലാ പ്രവൃത്തികളും പൂർത്തീകരിച്ചിട്ടുണ്ടോ; എങ്കിൽ ആ വർഷത്തെ ടെണ്ടർ സേവിംഗ്സ് എത്രയാണെന്ന് അറിയിക്കാമോ;</td><td rowspan="2">മണലൂർ നിയോജകമണ്ഡലത്തിൽ 2016-17 വർഷത്തെ ആസ്തി വികസന പദ്ധതിയിലേക്ക് ശിപാർശ ചെയ്തതിൽ പൂർത്തീകരിച്ചതും പൂർത്തീകരിക്കാൻ ബാക്കിയുള്ളതുമായ പ്രവൃത്തികളുടെ വിവരങ്ങൾ അനുബന്ധത്തിൽ ചേർത്തിരിക്കുന്നു. നിയോജകമണ്ഡല ആസ്തി വികസന നിധി മുഖാന്തിരമുള്ള പ്രവൃത്തികൾക്ക് ഭരണാനുമതി, സാങ്കേതികാനുമതി എന്നിവ നൽകി മൂന്ന് വർഷത്തിനുള്ളിൽ പ്രവൃത്തി ആരംഭിച്ചാൽ മതിയാകും. ഇല്ലാത്ത പക്ഷം പ്രത്യേകാനുമതിയിലൂടെ പുതുക്കിയ ഭരണാനുമതിയും ആവശ്യമെങ്കിൽ പുതുക്കിയ സാങ്കേതികാനുമതിയും നൽകാവുന്നതാണ്. തുടർന്ന് പല ഘട്ടങ്ങൾക്ക് ശേഷം പ്രവൃത്തി പൂർത്തിയാക്കുന്ന മുറയ്ക്ക് മാത്രമേ ടെണ്ടർ സേവിംഗ്സ്/എക്സസ് കണക്കാക്കുവാൻ സാധിക്കുകയുള്ളൂ. അതായത് ഓരോ എം.എൽ.എ യും അതാത് വർഷം ശിപാർശ ചെയ്യുന്ന എല്ലാ പ്രവൃത്തികളും പൂർത്തീകരിച്ചാൽ മാത്രമേ ആ വർഷം ടി എം.എൽ.എയുടെ മണ്ഡലത്തിൽ എത്ര തുക ടെണ്ടർ സേവിംഗ്സ്/എക്സസ് ഇനത്തിൽ ഉണ്ടെന്നു കണക്കാക്കുവാൻ സാധിക്കുകയുള്ളൂ. ഇപ്രകാരം ടെണ്ടർ സേവിംഗ്സ് അനുവദിക്കുന്നതിന് 2017-18 വർഷം മുതലാണ് പ്രാബല്യമുള്ളത്.</td></tr>
<tr><td>ബി) പ്രസ്തുത പദ്ധതികളിൽ ഇനി പൂർത്തീകരിക്കാൻ ബാക്കിയുള്ളവയുടെ വിശദാംശങ്ങൾ നൽകാമോ?</td></tr>
</table>

**സെക്ഷൻ ഓഫീസർ**

അനുബന്ധം



| നിയോജകമണ്ഡല ആസ്തിവികസന പദ്ധതി - മണലൂർ മണ്ഡലം | | | | | | |
|---|---|---|---|---|---|---|
| ക്രമ നം | വർഷം | പ്രവൃത്തിയുടെ പേര് | തുക (ലക്ഷത്തിൽ) | നിർവ്വഹണ ഏജൻസി | ഭരണാനുമതി തീയതി | നിലവിലെ സ്ഥിതി |
| 1 | 2016-17 | മുല്ലശ്ശേരി ഗ്രാമ പഞ്ചായത്ത് ഓഫീസിന് പുതിയ കെട്ടിട സമുച്ചയം നിർമ്മാണം | 91.5 | എൽ.എസ്.ജി.ഡി | 09/05/2017 | പ്രവൃത്തി പൂർത്തീകരിച്ചു |
| 2 | 2016-17 | കണ്ടാണശ്ശേരി ഗ്രാമപഞ്ചായത്ത് ഓഫീസിന് പുതിയ കെട്ടിട സമുച്ചയം നിർമ്മാണം | 25 | എൽ.എസ്.ജി.ഡി | 10/04/2017 | പ്രവൃത്തി ആരംഭിച്ചിട്ടില്ല |
| 3 | 2016-17 | എരനെല്ലൂര് ഫാത്തിമ മാതാ ചർച്ച് റോഡ് മെച്ചപ്പെടുത്തൽ - വാർഡ് 14 ചൂണ്ടൽ പഞ്ചായത്ത് | 25 | എൽ.എസ്.ജി.ഡി | 29/03/2017 | പ്രവൃത്തി പൂർത്തീകരിച്ചു |
| 4 | 2016-17 | മണലൂർ ഗ്രാമപഞ്ചായത്തിലെ തീരദേശ റോഡ് സംരക്ഷണ ഭിത്തി നിർമ്മാണം | 37 | എൽ.എസ്.ജി.ഡി | 28/06/2017 | 80% പ്രവൃത്തി പൂർത്തീകരിച്ചു |
| 5 | 2016-17 | എളവള്ളി ഗ്രാമപഞ്ചായത്ത് വാർഡ് 10 ലെ കർഷകറോഡ് നിർമ്മാണം | 32.5 | എൽ.എസ്.ജി.ഡി | 09/05/2017 | പ്രവൃത്തി പൂർത്തീകരിച്ചു |
| 6 | 2016-17 | പാവറട്ടി ഗ്രാമപഞ്ചായത്തിലെ വെണ്മനാട് ചുക്കബസാർ റോഡ്, കാന, കൾവർട്ട് നിർമ്മാണം | 15 | എൽ.എസ്.ജി.ഡി | 09/05/2017 | പ്രവൃത്തി പൂർത്തീകരിച്ചു |
| 7 | 2016-17 | വെങ്കിടങ്ങ് ഗ്രാമപഞ്ചായത്തിലെ ചീരോത്തുപടി കണ്ണോത്തുറോഡ് റീച്ച് 1/094 മുതൽ 1/394 വരെ റിടെയിനിംഗ് വാൾ നിർമ്മാണം | 25.55 | എൽ.എസ്.ജി.ഡി | 09/05/2017 | പ്രവൃത്തി പൂർത്തീകരിച്ചു |
| 8 | 2016-17 | അരിമ്പൂർ ഗ്രാമപഞ്ചായത്തിലെ പരമൻപാടം-കാന നിർമ്മാണം | 20.2 | എൽ.എസ്.ജി.ഡി | 28/06/2017 | പ്രവൃത്തി പൂർത്തീകരിച്ചു |
| 9 | 2016-17 | എളവള്ളി ഗ്രാമപഞ്ചായത്തിലെ കാഞ്ഞിരക്കറ്റി റോഡ് | 15 | എൽ.എസ്.ജി.ഡി | 09/05/2017 | പ്രവൃത്തി പൂർത്തീകരിച്ചു |
| 10 | 2016-17 | വെങ്കിടങ്ങ് പഞ്ചായത്തിലെ വെങ്കിടങ്ങ് പൊണ്ണമൂത ഈസ്റ്റ് ബണ്ട് റോഡ് നിർമ്മാണം | 17 | എൽ.എസ്.ജി.ഡി | 09/05/2017 | 50% പ്രവൃത്തി പൂർത്തീകരിച്ചു |
| 11 | 2016-17 | മണലൂർ മണ്ഡലത്തിലെ 11 സ്ഥലങ്ങളിൽ എൽ.ഇ.ഡി ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ | 56.07 | എൽ.എസ്.ജി.ഡി | 18/03/2017 | പ്രവൃത്തി പൂർത്തീകരിച്ചു |
| 12 | 2016-17 | എളവള്ളി ഗ്രാമപഞ്ചായത്തിലെ ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂൾ പുതിയ കെട്ടിടം നിർമ്മാണം | 115 | എൽ.എസ്.ജി.ഡി | 31/03/2017 | പ്രവൃത്തി പുരോഗമിച്ചുവരുന്നു |
| 13 | 2016-17 | വാടാനപ്പള്ളി പഞ്ചായത്തിന്റെ കീഴിലുള്ള പകൽവീട് -കുടുംബ ശ്രീ ഉത്പന്ന ഉത്പാദന കേന്ദ്രം കെട്ടിട നിർമ്മാണം | 25 | എൽ.എസ്.ജി.ഡി | | 30.11.2018 ലെ സ.ഉ(സാധാ) നം.9869/2018/ധന പ്രകാരം പ്രത്യേകാനുമതി നൽകുകയും തുടർ നടപടിയ്ക്കായി ഭരണ വകുപ്പിന് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട് |